(ബി) പ്രാരംഭഘട്ടത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതിനുശേഷം സംസ്ഥാനമൊട്ടുക്കായി 2,02,815 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നുള്ള സേവനപ്രദാനം ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മൊബൈൽ ടവറുകൾ സ്ഥാപിക്കൽ

219(1288) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എ.ടി.എം. മെഷീനുകൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലഉടമയുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും കരാറുകൾക്കും, അവ പുതുക്കുന്നതിനും പ്രദേശത്തെ എം.എൽ.എ.-യുടെ അറിവും അനുമതിയും നിഷ്കർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല.

അണ്ടർവാല്യുവേഷൻ കേസ്സുകൾ

220(1289) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ വാല്യുവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 9(1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് 25-8-2012-ലെ ജി.ഒ.(പി)151/2012/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചിട്ടുള്ളതാണ്.

(ബി) ആധാരങ്ങളിൽ വസ്തു വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യു വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 31-3-2014 വരെ 131111 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടും നിർദ്ദേശങ്ങളും സർക്കാർ തലത്തിലും വകുപ്പുതലത്തിലും നൽകിയിരുന്നു.

ടെയിനിംഗ് സെന്ററിന്റെ പ്രവർത്തനം

221(1290) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ രജിസ്ട്രേഷൻ വകുപ്പിന്റെ എറണാകുളം ജില്ലയിലെ ടെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം കേന്ദ്രമാക്കി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly